# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : T 5354

05.07.2012-ൽ മറുപടിക്ക്.

### പാചകവാതക പൈപ്പ് ലൈനിന്റെ സുരക്ഷയും പദ്ധതി രൂപരേഖയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) നിർദ്ദിഷ്ട കൊച്ചി - ബാംഗ്ലൂർ കൊച്ചി- മാംഗ്ലൂർ പാചകവാതക പൈപ്പ് ലൈൻ പദ്ധതിയുടെ പ്രവർത്തനത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) ഉണ്ട്. ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ (ഗെയിൽ) കൊച്ചി പുതുവൈപ്പിനിലെ എൽ.എൻ.ജി. ടെർമിനലിൽ നിന്നും ആരംഭിച്ച് മംഗലാപുരത്തേയ്ക്കും, കോയമ്പത്തൂർ വഴി ബാംഗ്ലൂരിലേയ്ക്കും വാതക പൈപ്പുലൈൻ ഇടുന്ന പദ്ധതിയാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ കൂറ്റനാട് എന്ന പ്രദേശത്തുനിന്നാണ് പൈപ്പുലൈൻ മംഗലാപുരത്തേയ്ക്കും, ബാംഗ്ളൂരിലേയ്ക്കും വേർതിരിയുന്നത്. ഇതിനു വേണ്ടിയുള്ള സർവ്വേ നടപടികൾ ഗെയിൽ പൂർത്തിയാക്കി. കേന്ദ്ര സർക്കാരിന്റെ പ്രെടോളിയം ആന്റ് മിനറൽ പൈപ്പ് ലൈൻ ആക്ട് പ്രകാരം പൈപ്പ് ലൈൻ കടന്നു പോകുന്ന സ്ഥലത്തിന്റെ ഉപയോഗ അവകാശത്തിനുവേണ്ടി ഗസറ്റിൽ പരസ്യപ്പെടുത്തിയിരുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. |
| (ബി) പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശത്തെ ജനങ്ങളുടെ ആശങ്ക അകറ്റുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ.; | (ബി) പദ്ധതി വന്നാലുള്ള ഗുണത്തെപ്പറ്റിയും ഇത് അപകടരഹിതമാണെന്നുള്ളതിനെപ്പറ്റിയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും മാധ്യമങ്ങളിലൂടെ ജനങ്ങളെ അത് ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്. മാത്രമല്ല കളക്ടർമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളേയും, പരിസ്ഥിതി പ്രവർത്തകരേയും ഉൾപ്പെടുത്തി ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും യോഗങ്ങൾ വിളിച്ചു ചേർക്കുന്നുണ്ട്. |

(സി) ഇക്കാര്യത്തിൽ സുരക്ഷാ ഭീക്ഷണിയെ സംബന്ധിച്ച ആശങ്ക അകറ്റുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ.

(സി) ഗെയിൽ വർഷങ്ങളായി ഇത്തരം പൈപ്പ് ലൈൻ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുകയാണ്. ഒരിടത്തുപോലും അപകടം ഉണ്ടായിട്ടില്ല. പാചകവാതകമായ എൽ.പി.ജി. പൊട്ടിത്തെറിച്ച് അപകടം ഉണ്ടാക്കുന്നതുപോലെ പ്രകൃതി വാതക പൈപ്പുലൈനുകളിൽ നിന്ന് അപകടം ഉണ്ടായിട്ടില്ല. മാത്രമല്ല ഡൽഹി, മുംബൈ മുതലായ വൻ നഗരങ്ങളിൽ ജനവാസ കേന്ദ്രങ്ങിലൂടെ പൈപ്പുലൈൻ സ്ഥാപിച്ച് വാതകവിതരണം സുഗമമായി നടത്തി വരുന്നുണ്ട്. ഇതെല്ലാം ജനങ്ങളെ മാധ്യമങ്ങളിലൂടെയും ബോധവൽക്കരണ ക്ലാസുകൾ നടത്തിയും ബോധ്യപ്പെടുത്തും. മാത്രമല്ലകഴിഞ്ഞ 20 വർഷം കൊണ്ട് ഗെയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലൂടെ 8000 കിലോമീറ്ററോളം ദൂരത്തിൽ വാതക പൈപ്പു ലൈൻ ഇട്ട് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഈ വിവരങ്ങൾ എല്ലാം തന്നെ ബോധവൽക്കരണ പരിപാടിയിലുടെയും, മാധ്യമങ്ങളിലൂടെയും ജനങ്ങളിൽ എത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടത്തുന്നതിൽ ജനവാസ യോഗ്യമായ സ്ഥലങ്ങളും കൃഷിയടങ്ങളും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വീടുകൾ കഴിയുന്നത്ര ഒഴിവാക്കിയാണ് പൈപ്പ് ലൈൻ ഇടുന്നത്. നെല്ല്, വാഴ പോലെയുള്ള കൃഷി നടത്തുന്ന പ്രദേശങ്ങളെയാണ് മുഖ്യമായും പൈപ്പ് ലൈൻ റൂട്ടിനായി തിരെഞ്ഞെടുത്തിട്ടുള്ളത്. ഏറ്റെടുത്ത പ്രദേശങ്ങളിൽ ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 1.5 മീറ്റർ താഴെകൂടിയാണ് പൈപ്പ് ലൈൻ കടന്നുപോകുക. ഈ പ്രദേശം പൈപ്പ് ലൈൻ ഇട്ടതിനു ശേഷം നെല്ല്, കപ്പ, വാഴ എന്നിവ കൃഷി ചെയ്യുന്നതിനും വാഹന ഗതാഗതത്തിനുള്ള റോഡ് ഉണ്ടാക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. ഗെയിലിന്റെ വാതകപൈപ്പ്ലൈൻ കേരളത്തിൽ പരാമാവധി വയൽ, ചതുപ്പ്, പറമ്പ്, എന്നീ മേഖലകളിലൂടെയാണ് കടന്നുപോകുന്നത്.

(ഇ) ഇത് സംബന്ധിച്ചുള്ള നഷ്ട പരിഹാര പാക്കേജിന്റെ വിശദാംശം നൽകുമോ?

(ഇ) സ്ഥലം എടുക്കുമ്പോൾ അത് ഉപയോഗാവശ്യത്തിനുവേണ്ടി മാത്രമാണെന്നും, പൂർണ്ണമായ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഏറ്റെടുക്കലല്ലെന്നതുമാണ് ഇതിന്റെ പ്രത്യേകത. ലൈൻ ഇട്ടതിനു ശേഷം ആ പ്രദേശത്ത് ആഴത്തിൽ വേരോടാത്ത കാർഷിക ഉൽപ്പന്നങ്ങൾ വിളയിക്കാനുള്ള അവകാശം സ്ഥല ഉടമയ്ക്കായിരിക്കും.

ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള പൂർണ്ണ അവകാശം ഉടമയ്ക്കുണ്ടായിരിക്കും. അതിന് ഗെയിലിന്റെ അനുമതിയുടെ ആവശ്യം ഇല്ല. ആയതിനാൽ പൂർണ്ണ അവകാശത്തോടു കൂടിയുള്ള ഭൂമി ഏറ്റെടുക്കലിന് കൊടുക്കുന്ന പ്രതിഫലത്തുക ഇപ്രകാരം ഏറ്റെടുക്കുമ്പോൾ കൊടുക്കേണ്ടതില്ല. പെട്രോളിയം ആക്ടിന്റെ പരിധിയിൽ നിന്നു കൊണ്ട് തന്നെ എറ്റെടുക്കുന്ന സ്ഥലത്തിനും ഇംപ്രുവ്മെന്റിനും പരമാവധി നഷ്ടപരിഹാരം നൽകുവാൻ ഗെയിൽ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**